LIBRARY ARCHIVES Kerala Legislative Assembly

"കമുകു കർഷകർക്ക് കർമ്മ പദ്ധതി"

113 [431] ശ്രീ. ലൂഡി ലൂയിസ്:

,, പി. ജെ. ജോയി:

,, ടി. എൻ. പ്രതാപൻ:

,, ഇ. എം. അഗസ്തി:

,, കെ: മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമുകു കർഷകർക്കുവേണ്ടി ഒരു കർമ്മ പദ്ധതിയ്ക്കു രൂപം കൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയ്ക്ക് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. കമുകു കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഒരു കർമ്മ പദ്ധതിയ്ക്ക് രൂപം നൽകുകയുണ്ടായി. അതനുസരിച്ച് സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിൽ കമുകിനെ വ്യാപകമായി ബാധിച്ചിരിക്കുന്ന മഞ്ഞളിപ്പുരോഗത്തിന്റെ കാരണം ആരായുന്നതിനും അവയെക്കുറിച്ചു പഠനം നടത്തുന്നതിനും അനന്തര നടപടികൾക്കുള്ള രൂപരേഖ തയ്യാറാക്കുന്നതിനും കൃഷി ഡയറക്ടർ കൺവീനറായും, ഡയറക്ടർ ഓഫ് റിസർച്ച് (കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി) ഡയറക്ടർ, അരിക്കനട്ട് ആന്റ് സ്പൈസസ് ഡവലപ്പ്മെന്റ്, ഡയറക്ടർ, സി. പി. സി. ആർ. ഐ. എന്നിവർ അംഗങ്ങളുമായിട്ടുള്ള ഒരു കർമ്മ സമിതിയ്ക്കും രൂപം നൽകിയിട്ടുണ്ട്.

(ബി) കർമ്മസമിതിയുടെ ആദ്യത്തെ മീറ്റിംഗിന്റെ (19-1-2005) അടിസ്ഥാനത്തിൽ ഏകദേശം 39 കോടി രൂപ കേന്ദ്രസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള പദ്ധതി തയ്യാറാക്കി വരുന്നു. കൂടാതെ സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളായ കണ്ണൂർ, കാസർകോഡ്, വയനാട്, കോഴിക്കോട് മലപ്പുറം എന്നീ ജില്ലകളിലെ മഞ്ഞളിപ്പുരോഗം തടയുന്നതിനും രോഗം ബാധിച്ച മരങ്ങൾ വെട്ടി മാറ്റുന്നതിനുമായി 219 ലക്ഷം രൂപയുടെ മാക്രോ മാനേജ്മെന്റ് പദ്ധതി അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്.

കവുങ്ങു കർഷകർക്ക് നഷ്ടപരിഹാരം

114 [432] ശ്രീ. എൻ. ഡി. അപ്പച്ചൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. ഇ. എം. അഗസ്തി:

,, ലൂഡി ലൂയിസ്:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: